
പൂമരം
ശബരി സ്കൂൾ പള്ളിക്കുറുപ്പ്



# ശബരി ഹയർസെക്കന്ററി സ്കൂൾ
# പള്ളിക്കുറുപ്പ്

# ആമുഖം

മനസ്സിൽ വിരിയുന്ന ഭാവനകൾ വിരൽ സ്പർശനത്താൽ കൺമുന്നിൽ,സാങ്കേതികതാളുകളിലായി മിന്നിമറയുന്ന സാഹിത്യരേഖയാണ് ഈ **പൂമരം** മാസിക.

മലയാള ടൈപ്പിങ് വളരേ ഭംഗിയായി നിർവഹിക്കാൻ കുട്ടിക്കൂട്ടം പ്രാപ്തരായി എന്ന അഭിമാന നിമിഷങ്ങൾ ഇതിനെ ഒന്നുകൂടി മനോഹരമാക്കുന്നു....

ഹൃദ്യമായ കഥകളും ചാരുതയാർന്ന ചിത്രങ്ങളും സാങ്കേതിക മിഴിവോടെ,ആകർഷണീയമായ ചിത്രീകരിക്കപ്പെടുമ്പോൾ പുതുതലമുറയുടെ സാങ്കേതികജ്ഞാനവും മികവുകളും തെളിയിക്കപ്പെടുകയാണ്.കലയും സാഹിത്യവും സാങ്കേതികത്ത്വവും സമന്വയിക്കുന്ന ഈ സർഗസൃഷ്ടിയിലേക്ക് ഏവരുടേയും ശ്രദ്ധ ക്ഷണിക്കുന്നു......

കുട്ടിക്കൂട്ടത്തിന്റെ സർഗാത്മകവൈഭവം വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ മുന്നോട്ട്.................

# ഉള്ളടക്കം

സന്ദേശം 8
പള്ളിക്കുറുപ്പ് ഗ്രാമത്തിന്റെയും ചരിത്രം 10
ഒറ്റപ്പെടൽ 19
ഒരു വിനോദയാത്ര 20
വൃത്തി 21
സൂര്യഗ്രഹണം 22
പുഴ 23
ഐടി 24
ബുദ്ധിമാനായ കുറുക്കൻ 25
ഗ്രാമം 26
പട്ടാളക്കാരന്റെ വിലാപം 27
നര 28
ചുവന്ന നിറമുള്ള പഴങ്ങളും പച്ചക്കറികളും 30
ഗ്രൂപ്പ് 31
ശിലയിൽ എഴുതിയ കേരളനാമം 34
കടംകഥകൾ 36
ഗുഹയിലെ നിധി 38
പുതുവർഷപ്പുലരി 41
കാത്തിരിപ്പ് 42
ചീട്ടുകൊട്ടാരം 43
സനിതിന്റെ മൺപാത്രം 44
സിംഹവും പുലിയും 45
വെയിലുവേണോ മഴവേണോ 47

ഇവരെത്ര ഇവയെത്ര 48
പഴഞ്ചൊല്ലുകൾ 49
ഇലവര 51
മഞ്ഞുതുള്ളി 52
വളർച്ചയാണ് വളർന്നതാണ് 531
പെരും പാമ്പിന്റെ വമ്പൻ സൂത്രം 55
പ്രളയകാലനാളുകൾ 56
നാം എങ്ങനെയായിരിക്കണം 57
മഴ 59
പൊന്നോണം 60
സൂപ്പർ അനിമൽസ് 61
അധ്വാനത്തിന്റെ വില 62
മാന്ത്രികക്കുടം 63
കടംകഥകൾ 64
കള്ളനാണയം 66
ക്രിസ്തുമസ്സ് ആഘോഷം 67
ഡിജിറ്റൽ പൂക്കളം 68
മെഗാ തിരുവാതിരക്കളി 69
ക്രിസ്തുമസ്സ് അപ്പൂപ്പൻ 70
സാന്റാക്ലോസ്സ് എച്ച് എമിനു തൊപ്പിനൽകുന്നു 71
പുൽമൈതാനം 72
ജൂജിട്സ്സു രണ്ടാം സ്ഥാനം ജീവൻ 73
തണൽ 74
സ്പോട്സ് 76
ഗണിതോത്സവം 78
വായന ശാല 79

സ്കൂൾ കവാടം 81
സ്കൂൾ ബസ്സ് 82
സെക്യൂരിറ്റി റൂം 84
ജിപിഎസ് ട്രാക്കർ 85
വാട്ടർ ഫിൽട്ടർ 86
ഉർദു അഗ്രിഗ്രേറ്റ് 87
സ്കൗട്ട് ഗൈഡ്സ് 88
മണ്ണാർക്കാട് ഉപജില്ല കലോത്സവം 89
ഉർദു ഉപന്യാസം 90
റിപ്പബ്ലിക്ക് 91
മോണാക്ക് എഗ്രേഡ് 92
ലഹരി വിമുക്ത ബോധവൽക്കരണം 93
സ്മാർട്ട് അമ്മ 94
നന്ദി 95

# എഡിറ്റോറിയൽ ബോർഡ്



മു.ബിലാൽ ടി



മു.അജ്മൽ കെ



സുകന്യ ടീച്ചർ



രമ്യ ടീച്ചർ

# സന്ദേശം



സാങ്കേതികവിദ്യയിലൂടെ സാഹിത്യ  രംഗത്തെ പരിപോഷിപ്പിച്ച എല്ലാ പ്രതിഭകൾക്കും അഭിനന്ദനങ്ങൾ.നിങ്ങളുടെ സർഗ്ഗാത്മക വിദ്യയിലൂടെ മനോഹരമാക്കി പൂമരമായി ശോഭിക്കുന്നതിൽ അഭിമാനം കൊള്ളുന്നു.ഈ മാസികത്താളുകളിലെ സാഹിത്യാഭിരുചിയും സാങ്കേതികത്വവും തുടർന്നും നിങ്ങളുടെ ജീവിതത്തിൽ പ്രതിഫലിക്കട്ടേ...എന്ന് ആശംസിക്കുന്നു...

സ്നേഹത്തോടെ

എച്ച്.എം

**ഹരിപ്രഭ ടീച്ചർ**

# സാരഥികൾ





പ്രിൻസിപ്പാൾ

ബിജുസർ

എച്ച്.എം

ഹരിപ്രഭടീച്ചർ

## ലിറ്റിൽ കൈറ്റ്സ്

### മാസ്റ്റർ & മിസ്ട്രസ്





സുകന്യ ടീച്ചർ

രമ്യ ടീച്ചർ



## പള്ളിക്കുറുപ്പ്

## നമ്മുടെ ഗ്രാമത്തിന്റെയും സ്കൂളിന്റെയും ചരിത്രം...

926 ജൂൺ 16 ന് ഇപ്പോഴത്തെ ഹെൽത്ത് സെന്ററിന്റെ എതിർവശത്ത് ശ്രീ.കാക്കശ്ശീരി അച്യുതൻനായർ മാനേജരും,ശ്രീ.കോലാനി ഗോപാലകൃഷ്ണൻ നായർ ഹെഡ്മാസ്റ്ററും,ശ്രീ.എ,പി.ഗോപാലപ്പൊതുവാൾ സഹാദ്ധ്യാപകനുമായി ഒന്നുമുതൽ നാലുവരെയുള്ള ഒരു പ്രാഥമിക വിദ്യാലയം ഓലഷെഡ്ഡിൽ ആരംഭിച്ചു,അതാണ് ഇന്നത്തെ വിദിയാലയത്തിന്റെ തുടക്കം.വിദ്യാലയത്തിന്റെ ആദ്യകാല സാരഥികൾ എന്ന നിലയിൽ എന്നെന്നും സ്മരിക്കപ്പെടേണ്ടവരാണിവർ.അന്നത്തെ ഒറ്റപ്പാലം ഡപ്യൂട്ടി ഇൻസ്പെക്ടറായിരുന്ന മാന്യ ശ്രീ .കെ .എൻ.സുബ്രമണ്യഅയ്യർ ഈ പ്രദേശത്തിന്റെ ആവശ്യം കണ്ട് സ്കൂളിന് അംഗീകാരവും ഗ്രാന്റും ലഭ്യമാക്കി. മൂന്ന് വർഷം അതേ സ്ഥാനത്ത് ഒരു ഓല ഷെഡ്ഡിൽ ക്ലാസുകൾ നടത്തി. പിന്നീട് കുറച്ചുകൂടി സൗകര്യപ്രദമായ സ്ഥലത്തിന് വേണ്ടി ഭൂഉടമായായിരുന്ന ശ്രീ. ചേലനാട്ട് കുട്ടികൃഷ്ണമേനോനെ സമീപിക്കുകയും അദ്ദേഹം സൗകര്യപ്രദമായ ഇപ്പോഴത്തെ സ്ഥലം അനുവദിക്കുകയും വിദ്യാലയം പ്രസ്തുത സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുകയും ചെയ്തു.ഒരു വ്യാഴവട്ടത്തിനു ശേഷം 1938-ൽ

മാനേജ്മെന്റ് ശ്രീ. കാക്കശ്ശീരി അച്യുതൻനായരിൽ നിന്നും ശ്രീ.വി.പി.കോന്തുണ്ണി മേനോന്റെയും 1948-ൽ ശ്രീ. എ.പി. ഗോപാലപ്പൊതുവാളുടേയും കൈകളിലൂടെ 1954-ൽ ശ്രീ.മഠത്തിൽ മാധവൻ മാസ്റ്റർ അവർകളുടെ കൈകളിലെത്തി.(അപ്പുമാസ്റ്റർ)കേവലം ഇരുപത്തിമൂന്ന് വയസ്സിൽ ഇതിന്റെ മാനേജ്മെന്റ് ഏറ്റെടുത്ത ശ്രീ.മാധവൻ മാസ്റ്റർ സഹോദരൻ ശ്രീ.മഠത്തിൽ നാരായണൻനായരുടെയും,പിതാവ് ബ്രഹ്മശ്രീ നഗറിൽ നാരായണൻ നമ്പൂതിരിയുടെയും സഹായത്താലും,പ്രോൽസാഹനത്താലും ഇതിന്റെ ആദ്യ പടവുകൾ ചവിട്ടിക്കയറി.അദ്ദേഹത്തിന്റെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി സ്കൂൾ പുരോഗതിയിലേക്കുള്ള യാത്ര തുടങ്ങി.1940 മുതൽ ഈ സ്കൂളിലെ അദ്ധ്യാപകനും 43 മുതൽ ഹെഡ്മാസ്റ്ററുമായി പ്രവർത്തിച്ച ശ്രീ.എ.ശങ്കരഗുപ്തൻ മാസ്റ്റർ വിദ്യാലയത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.1968 ൽ ഇതൊരു അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു.1976 ൽ കനകജൂബിലി ഗംഭീരമായി ആഘോഷിക്കപ്പെട്ടു.1979 ൽ വിവിധ രാഷ്ട്രീയ കക്ഷികളുടെയും നാട്ടുകാരുടെയും അദ്ധ്യാപകരുടെയും ശ്രീ.മാധവൻ മാസ്റ്ററുടെയും(മാനേജർ)കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതൊരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു.ഈ വിദ്യാലയത്തിന്റെചരിത്രപ്രസിദ്ധമായ പള്ളിക്കുപ്പ് മഹാവിഷ്ണു ക്ഷേത്രപരിസരത്ത് വിരലിലെണ്ണാവുന്ന

കുട്ടികളുമായി 1926-ൽ ആരംഭിച്ച പ്രാഥമിക വിദ്യാലയമാണ് 91 വർഷം പിന്നിട്ട് എൽ.കെ.ജി മുതൽ +2 വരെ ക്ലാസുകളിൽ 82 ഡിവിഷനുകളിലായി മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന ഇന്നത്തെ ഹൈസ്കൂൾ പള്ളിക്കുറുപ്പ്.മണ്ണാർക്കാട്,കാഞ്ഞിരപ്പുഴ,ാലക്കയം,അരപ്പാറ,പുല്ലിശ്ശേരി എന്നീ പ്രദേശങ്ങളിൽ നിന്നും ഭൂരിപക്ഷം കുട്ടികളും മെച്ചപ്പെട്ട അധ്യയനം തേടി ഈ സരസ്വതി ക്ഷേത്രത്തിലെത്തുന്നു.അവരെ പരിശീലിപ്പിക്കുവാൻ 115 അദ്ധ്യാപകരും 10 അദ്ധ്യാപകേതര ജീവനക്കാരും അക്ഷീണം പ്രയത്നിക്കുന്നു.എസ്.എൽ.സി പരീക്ഷയിൽ പാലക്കാട് ജില്ലയിലെ മുൻ പന്തിയിൽ നിൽക്കുന്ന ഒരു വിദ്യാലയമാണ് നമ്മുടേത്. 1998-ൽ നടന്ന എസ്.എൽ.സി പരീക്ഷയിൽ നമ്മുടെ വിദ്യാർത്ഥിയായിരുന്ന മാസ്റ്റർ.കെ.ആർ.പ്രശാന്ത് സംസ്ഥാനത്ത് 9-ാം റാങ്കിന് അർഹനായി.ഏറെ ചരിത്രം പള്ളിക്കുറുപ് കൊള്ളുന്ന എന്റെ നാട് സ്ഥലനാമീകരണം പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെരു കൊച്ചു മനോഹരമായ ഗ്രാമമാണ് ഇത്.രാമായണത്തിലെ ശ്രീരാമദേവൻ പഞ്ചവടിയിലെ വനവാസകാലത് ഈ പ്രദേശത്തു എത്തിച്ചേർന്നു. ഏറെ ക്ഷീണിതനായ ദേവൻ തന്റെ നിദ്രക്ക് വേണ്ടി തിരഞ്ഞെടുത്ത സ്ഥലമാണത്രെ ഇത് .മഹാരാജാക്കൻമാരുടെ ഉറക്കത്തെ പള്ളിക്കുറുപ് കൊള്ളുക എന്നാണ് പറയുക .ഭഗവൻ ശ്രീരാമദവൻ

പള്ളിക്കുറുപ്പ് കൊണ്ട സ്ഥലമായത് കൊണ്ട് ഈ സ്ഥലത്തിന് പള്ളിക്കുറുപ്പ് എന്ന പേര് വന്നു എന്നാണ് ഐതിഹ്യം.

ഭൂമിശാസ്ത്രം

കിഴക്ക് തച്ചമ്പാറയും പടിഞ്ഞാർ പുല്ലിശ്ശേരിയും തെക്ക് കരകുറുശ്ശിയും വടക്ക് കാഞ്ഞിരപ്പുഴയും അതിർത്തിയായി വരുന്നതാണ് പള്ളിക്കുറുപ്പ് ഗ്രാമം .കാഞ്ഞിരപ്പുഴയും നെല്ലിപ്പുഴയും പള്ളിക്കുറുപ്പിനെ പൊൻകാശവാണിയിക്കുന്നു .ധാരാളം കുന്നുകളും മലകളും ഈ ഗ്രാമത്തിന്റെ കമനീയത വർധിപ്പിക്കുന്ന മനോഹരങ്ങളായ നെല്പാടങ്ങളാൽ അനുഗ്രഹീതമാണ് ഈ പ്രദേശം.ജനങ്ങൾ ഇപ്പോൾ പള്ളിക്കുറുപ്പിലെ ഏകദേശ ജനസംഖ്യ പതിനായിരത്തിലധികം വരും .പണ്ട് ഇവിടെ താമസമുണ്ടായിരുന്ന ജനങ്ങൾക്ക് പുറമെ ധാരാളം കുടിയേറ്റക്കാരും ഇവിടേക്ക് വന്നിട്ടുണ്ട് .ആയിരത്തിതൊള്ളായിരത്തിഎഴുപത് - എൺപത് കാലഘട്ടത്തിൽ ധാരാളമായി ഈ പ്രദേശത്തേക്ക് ക്രിസ്ത്യൻ കുടിയേറ്റം ഉണ്ടായിട്ടുണ്ട്. ആദ്യമായി പള്ളിക്കുറുപ്പിൽ വന്ന ക്രിസ്ത്യൻ പൊയ്കമണ്ണിൽ മത്തായി ആണെന്ന് പണ്ടുള്ളവർ പറഞ്ഞ കേട്ടിട്ടുണ്ട്.നൈനാൻ എന്ന ക്രിസ്ത്യൻ കുടിയേറ്റക്കാരന്റെ റബ്ബർതോട്ടമാണ് ആദ്യത്തേതെന്ന് പറയുന്നു . ഒളപ്പമണ്ണ മനക്കാർ

പ്രത്യേകിച്ച് ഒളപ്പമണ്ണ മനക്കിൽ വാസുദേവൻ നമ്പൂതിരിയാണ് ഇവിടെ തേങ്ങ് കൃഷി പ്രചരിപ്പിച്ചത്.

സാംസ്കാരികചരിത്രം

ഐരുമട ശിലായുഗത്തിൽ ഇവിടം ഇരുമ്പിന്റെ ഐരിനാൽ സമ്പുഷ്ടമായിരുന്നു അതിന്റെ തെളിവായി കീടകല്ലുകൾ ഇന്നും ഈ പ്രദേശത്തിന്റെ പടിഞ്ഞാറുഭാഗത്തായി കാണപ്പെടുന്നു.ഇരുമ്പിന്റെ അംശം ധാരാളമുള്ള പാറക്കല്ലുകളാണ് കീടകല്ലുകൾ .കീടകല്ലുകൾ കാണുന്ന സ്ഥലത്തു കുഴിച്ച നോക്കിയിട്ടുണ്ട്.ഈ മടകൾ ഐരുമടകൾ എന്നറിയപ്പെടുന്നു . ഇന്നീ മടകൾ കുറുക്കനെ പോലുള്ള ചെറുമൃഗങ്ങളുടെ ആവാസകേന്ദ്രമാണ് .ടിപ്പുസുൽത്താൻ റോഡ് മൈസൂർ ചക്രവർത്തിയായ ടിപ്പു സുൽത്താൻ കേരളം ആക്രമിക്കുന്ന സമയത്തു പള്ളിക്കുറുപ്പിന്റെ ഹൃദയ ഭാഗത്തുടെ കടന്നുപോയി .കോഴിക്കോട് നിന്ന് പാലക്കാട്ടേക് പോകുന്ന വഴിക്കാണ് ഇവിടെ എത്തിയത് . ടിപ്പുവിന്റെ ഈ പടയോട്ട വഴിയാണ് ടിപ്പു സുൽത്താൻ റോഡ് .

സാംസ്കാരികവളർച്ച

ഒളപ്പമണ്ണ മനക്ക് പള്ളിക്കുറുപ്പിന്റെ സാംസ്കാരിക വളർച്ചയിൽ സുപ്രധാന പങ്കുണ്ട് .വെള്ളിനേഴിയിലുള്ള ഒളപ്പമണ്ണ മനയുടെ കീഴിലായിരുന്നു ഈ പ്രദേശത്തെ ഭൂസ്വത്തുക്കൾ മുഴുവനും.അവിടുത്തെ

കുടുംബസ്വത്തുതർക്കത്തെ തുടർന്ന് ഒരു
നാരായണൻ നമ്പൂതിരിപ്പാട് പള്ളിക്കുറുപ്പിൽ
താമസമാക്കുകയും ഇന്ന് നാം കാണുന്ന ക്ഷേത്രവും
പത്തായപ്പുരയും നിർമിക്കുകയും ചെയ്തു .പണ്ട്
ജന്മിമാര്ക് സ്വത്തിന്റെ വകയായി കിട്ടിയിരുന്ന
പാട്ടവും മിച്ചവരാവും ആയി ലഭിക്കുന്ന നെല്ല് സൂക്ഷിച്ച
വെക്കാനായിരുന്നു ക്ഷേത്രത്തിന്റെ പരിസരത്തുള്ള
പഴയ പത്തായപ്പുര ഉപയോഗിച്ചിരുന്നത്
.നാരായണൻ നമ്പൂതിരിപ്പാട്,റാവ്ബഹാദൂർ
എന്നാണ് അറിയപ്പെട്ടിരുന്നത്.അന്ന് പോലീസും
കോടതിയും കുറവായതിനാൽ ബ്രിട്ടീഷുകാർ ഓരോ
പ്രദേശത്തെയും നിയമ പാലനം അതാത്
പ്രദേശത്തെ ജന്മിമാരെ ഏൽപ്പിക്കുകയാണ്
ചെയ്തിരുന്നത്.ചെറിയ കേസുകളൊക്കെ
തീർപ്പാക്കാൻ അധികാരമുള്ള ഇത്തരത്തിലുള്ള
ജന്മിമാരായിരുന്നു റാവ്ബഹാദൂർ .മുസ്ലിമാണ്
ഇത്തരത്തിലുള്ള ജന്മി എങ്കിൽ അവർ
അറിയപ്പെട്ടിരുന്നത് ഖാൻ ബഹാദൂർ
എന്നായിരുന്നു.റാവ്ബഹാദൂർ ക്ഷേത്രം
നവീകരിക്കുകയും അവിടേക്ക് രണ്ട ആനകളെ
വാങ്ങുകയും ചെയ്തു .പള്ളിക്കുറുപ്പിൽ ഇന്ന് കാണുന്ന
തരത്തിലുള്ള ഗംഭീരമായ ഉത്സവം ആരംഭിച്ചത്
ഇദ്ദേഹം ആയിരുന്നു.അന്ന് ഉത്സവത്തിൽ
പങ്കെടുക്കാൻ എത്തുന്ന കലാകാരൻ മാർക്ക്
സുഭിക്ഷമായ ഭക്ഷണവും നാലണ [ഇരുപത്തഞ്ച്
പൈസ ]പ്രതിഫലവും കൊടുക്കുമായിരുന്നു .അത്

തമ്പുരാന്റെ കരങ്ങളിൽ നിന്ന് വാങ്ങുന്നത് ഒരംഗീകാരമായിട്ടാണ് അന്നത്തെ കലാകാരൻമാർ കരുതിയിരുന്നത് .പള്ളിക്കുറുപ് ദേശത് ആദ്യമായി കാർ കൊണ്ടുവന്നത് റാവ്ബഹാദൂർ നാരായണൻ നമ്പൂതിരിപാടായിരുന്നു . കൊളപ്പകം പള്ളി പള്ളിക്കുറുപ്പിലെ ഏറ്റവും അധികം പഴക്കം ചെന്ന ഒരു മുസ്ലിം പള്ളിയാണ് കൊളപ്പകം പള്ളി . കോളപാകത്തെ കല്ലടി തറവാട്ടിലെ കമ്മു സാഹിബാണ് ഈ പള്ളിയുടെ പണി കഴിപ്പിച്ചത് . ഇവിടുത്തെ എല്ലാ കഴക്കോലുകളും വൃത്താകൃതിയിലുള്ള മറകഷ്ണത്തിലേക്കാണ് ബന്ധിപ്പിച്ചിരിക്കുന്നത്.ഒറ്റത്തടിയിൽ തീർത്ത ചിത്രത്തൂണുകളും ഇവിടത്തെ മറ്റൊരു പ്രത്യേകതയാണ് .ഇന്ന് പള്ളിയുടെ കീഴിൽ അഞ്ഞൂറ് കുടുംബങ്ങളുണ്ട്.കാലപ്പഴക്കം തെല്ലും മങ്ങലേല്പിക്കാതെ മുന്നൂറ് വർഷത്തെ അതെ തേജസോടെയും പ്രൗഢിയോടെയും പള്ളി ഇന്നും നിലനിൽക്കുന്നു. എഴുത്താമ്പാറ പള്ളിക്കുറുപ്പിന്റെ ഉൾപ്രദേശമായ കുണ്ടുകൺഠം എന്ന സ്ഥലത്തു ഒരു ഗണപതി ക്ഷേത്രം ഉണ്ട്.ആ ക്ഷേത്രം ഒരു പാറപുറത്താണ്. അവിടെ പഴയ ലിബിയിൽ കൊത്തിവച്ചിട്ടുള്ള ഒരു ശിലാലിഖിതം എപ്പോഴും കാണാം . കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ചരിത്ര പുരാവസ്തു വകുപ്പിൽ നിന്നും ഗവേഷകർ വന്ന് അതിനെ കുറിച്ച് പഠനം നടത്തിയപ്പോൾ അത് രണ്ട് ജന്മിമാരുടെ അതിർത്തി തിരിച്ചതിന്റെ രേഖ

ആണെന്ന് മനസ്സിലായി . പാറയിലുള്ള എഴുതയായതിനാൽ അതിന് എഴുത്താപാറ .

കല

കേരളകലാമണ്ഡലം ഉണ്ടാവുന്നതിനു മുൻപേ കഥകളിയെ പോഷിപ്പിച്ചിരുന്നവരായിരുന്നു ഒളപ്പമണ്ണ മനക്കാർ. അവരുടെ അഗ്രശാലയിലിരുന്ന് കഥകളി പഠിപ്പിച്ചിരുന്നത് പട്ടിക്കാംതൊടി രാമുണ്ണി മേനോൻ ,കോപ്പൻ നായർ എന്നിവരായിരുന്നു തുടക്കകാലത്തെ ആശാന്മാർ . കലാമണ്ഡലം കൃഷ്ണൻനായർ ,കലാമണ്ഡലം രാമന്കുട്ടിനായർ ,അപ്പുക്കുട്ടി പൊതുവാൾ , കൃഷ്ണൻകുട്ടി പൊതുവാൾ എന്നിവരൊക്കെ ഈ കളരിയിൽ അഭ്യസിച്ചു തെളീന്നവരാണ്.മദ്ദളത്തിൽ കേമൻ വെങ്കിച്ചൻ ചാമി ഈ കളരിയിൽ അഭ്യസിച്ചാണ് പ്രഗല്ഭനായത് . അന്ന് റാവ്ബഹദൂറായ നാരായണൻ നമ്പൂതിരിപ്പാടിൽനിന്നും അംഗീകാരം ലഭിച്ചാൽ മാത്രമേ കഥകളി നടനായി സമൂഹം അങ്ങീകരിച്ചിരുന്നുള്ളൂ . പള്ളിക്കുറുപ്പിൽ നല്ല പാങ്കളി സെറ്റുണ്ടായിരുന്നു. ആയിരത്തി തൊള്ളായിരത്തി നാല്പത്തി നാല് - നാല്പത്തിഅഞ്ചു കാലത്തിൽ നമ്പൂതിരി അന്തരിച്ചു . കേരള ഗവണ്മെന്റ് ഭൂനിയമം പാസാകിയതിനു ശേഷം പാട്ടവും മിച്ചവാരവുമെല്ലാം ഇല്ലാതാവുകയും ക്ഷേത്രത്തിലേയ്ക്കുള്ള വരുമാനം നിലയ്ക്കുകയും ചെയ്തു . ഇപ്പോൾ ക്ഷേത്രം

കമ്മിറ്റിക്കാർ ജനങ്ങളിൽനിന്നുള്ള പിരിവും ഒക്കെയാണ് വരുമാനം കണ്ടെത്തുന്നത് .വൈദ്യുതി , ഗതാഗതം പള്ളിക്കുറുപ്പിന്റെ സാമൂഹിക വളർച്ചയുടെ ഭാഗമായി ആയിരത്തിത്തൊള്ളായിരത്തി എഴുപത്തി ആറിൽ ആദ്യമായി എവിടെ വൈദ്യുതി എത്തി . എന്ന് പള്ളിക്കുറുപ്പിലെ ഒരുവിധം എല്ലാ വീടുകളിലും വൈദ്യുതി ഉണ്ട്.ആയിരത്തിതൊലായിരത്തി എഴുപത്തി ആറിൽ ടിപ്പുസുൽത്താൻ റോഡ് p w d ഏറ്റടുത്ത് ഗതാഗത യോഗ്യമാകണമെന്നു പറഞ്ഞു കൊണ്ട് ജനങ്ങൾ മണ്ണാർക്കാട് മുതൽ കോങ്ങാട് വരെ പദയാത്ര നടത്തി . അതിന് ശേഷം ആയിരത്തിത്തൊള്ളായിരത്തി എൺപത്തിൽ p w d റോഡ് ഏറ്റെടുക്കുകയും രണ്ടായിരത്തി നാലിൽ അത് ഗതാഗതയോഗ്യമാക്കുകയും ചെയ്തു .

നിഗമനം ഗതകാലസ്മരണകൾ

പള്ളിക്കുറുപ്പ്കൊള്ളുന്ന എന്റെ നാടിന്റെ ചരിത്രം ഏറെ അമൂല്യമായ അറിവിൻ സ്രോദസ്സുകളാണ് . ഓരോ നാടിനും പറയാൻ ഒരുപാട് കഥകൾ ഉണ്ടെന്നു എനിക്ക് ഇപ്പോഴാണ് മനസ്സിലായത് . വളരെ രസകരവും ശ്രമകരവും വിജ്ഞാനപ്രദവുമായ ഒരു പ്രവർത്തനമാണ് പ്രാദേശിക ചരിത്ര നിർമ്മാണം. എന്റെ ഈ എളിയ പ്രവർത്തനത്തിന് എന്നെ ഏറെ സഹായിച്ച എ. ബാലകൃഷ്ണൻ മാസ്റ്റർ ,മറ്റു അധ്യാപകർ , നാട്ടുകാർ എന്നിവരെ ഞാൻ ഈ വേളയിൽ സ്മരിക്കുന്ന



## ഒറ്റപ്പെടൽ

വസുമതി ടീച്ചർ ചാരു കസേരയിൽ അറിയാതെയൊന്നു മയങ്ങി. മനസ്സ് ഭൂതകാലത്തെ ഉൾവശങ്ങളിലേക്ക് വഴുതി വീണു. വിവാഹവും തുടർന്നുള്ള സന്തോഷം നിറഞ്ഞ നാളുകൾ. മക്കളില്ലാഞ്ഞിട്ടും. ക്ലാസിലെ കുട്ടികളെ മക്കളെ പോലെ കണ്ടുനീങ്ങിയ 32 വർഷങ്ങൾ. മരണം എന്ന അനിവാര്യതയിലേക്ക് മടങ്ങിയ ഭർത്താവും തുടർന്നുള്ള സാന്ത്വനിപ്പിക്കലും കഴിഞ്ഞ് ഒറ്റക്കായി. ടീച്ചർ പെട്ടന്ന് ഉണർന്നു തുടർന്നുള്ള ജീവിതത്തിനായി മനസ്സിനെ പാകപ്പെടുത്താനുള്ള ശ്രമം തുടങ്ങി.

ആനന്ദൻ മാഷ്

## ഒരു വിനോദയാത്ര



ഈ യാത്രയുടെ ലക്ഷ്യം
എന്തായിരിക്കും എന്തെല്ലാം അനുഭവങ്ങൾ
ഉണ്ടായിരുന്നു ഇതെല്ലാം എന്തെന്ന്മ നസ്സിലാക്കാൻ
ഒരു പാട്ശ്രമിച്ചു ഒരുപാട് ഉത്തരങ്ങൾ
ലഭിച്ചു.മനസ്സിലാക്കാൻ വളരെ പ്രയാസം
അനുഭവപ്പെട്ടു. മനസ്സിൽ വരുന്ന ചിന്തകളെ
തിരിച്ചറിയാൻ ശ്രമിച്ചു ബുദ്ധിയെ ഉണർത്താൻ
ശ്രമിച്ചു അപ്പോൾ മാറ്റങ്ങൾ കാണാൻ തുടങ്ങി ഈ
യാത്ര അവസാനിക്കുന്നത് വരെ ഇത് തുടരാൻ
തീരുമാനിച്ചു . ജിവിതമാകുന്ന വിനോദയാത്ര.

സുകന്യ ടീച്ചർ



## വൃത്തി

ഏത് പരിസരവും വീടും സ്കൂളും കെട്ടിടവും വികസനം ഉണ്ടങ്കിലും അവിടെ വൃത്തിയില്ലെങ്കിൽ ആരും അടുക്കില്ല മാത്രമല്ല കാണാൻ ഭംഗിയും ഉണ്ടാവില്ല ഒരു വീട് സങ്കൽപ്പിക്കുക അത് നല്ല ഭംഗിയുണ്ട് പക്ഷേ മുറ്റം നിറയെ പ്ലാസ്റ്റിക്ക് വീടിനകത്ത് തന്നെ നിറയെ പ്ലാസ്റ്റിക്ക് വിതറിയിക്കുന്നു.വീടിന്റെ അഴുക്കുകളെല്ലാം കെട്ടിനിൽക്കുന്നു ദുർഗന്ധം വരുന്നു.എന്നാൽ നിങ്ങൾ ക്ക് ആവീട്ടിലുകയറാൻ ഇഷ്ടമാണോ.ഒരു ചെറിയ വീട് നല്ല വൃത്തിയുണ്ട് കാണാൻ ഭംഗിയുമുണ്ട് എങ്കിൽ നിങ്ങൾക്ക് ആവീട്ടിൽ കയറാം ഇ ഷ്ടമുണ്ടാവില്ലേ....എത്ര നല്ല കൊട്ടാരം ആണെങ്കിലും അവിടെ വൃത്തിയില്ലെങ്കിൽ ഒരു രസവും ഉണ്ടാവില്ല.ഞമ്മുടെ സ്കൂളുമെല്ലാം നാം വൃത്തിയായി സൂക്ഷിക്കണം വൃത്തിയില്ലെങ്കിൽ അവിടെ രോഗാണുക്കളുകൾ കൂടും.ക്ലാസ് മുറികളും സ്കൂളും വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചാലുമാത്രമേ അവിടെ ഭംഗി ഉണ്ടവുകയുള്ളൂ..

2020 ജനുവരി മുതല് പ്ലാസ്റ്റിക്ക് നിരോധനമാണ്

നാം എല്ലാവരും വൃത്തിയായി ജീവിക്കണം

## സൂര്യ ഗ്രഹണം

ഇന്ന് 26.12.2019 വ്യാഴം ഞാൻ രാവിലെ മദ്രസയിൽ പോയി 9.00 ആയപ്പോൾ മദ്രസ വിട്ടു വീട്ടിലേക്ക് വരുകയായിരുന്നു എപ്പോഴും നല്ല പ്രകാശം ഉണ്ടായിരുന്നു പക്ഷേ ഇന്ന് അതില്ല ഒരു വട്ടത്തിലൊരു ആകൃതിയിൽ വലിയ ഒരു തണൽ .അതിന് ച്ചുറ്റും തണൽ .അങ്ങനെിരുന്നു ഞാൻ കണ്ടത്.പക്ഷേ സൂര്യനെ ഞമുക്ക് നോക്കാൻ കഴിയില്ല ഞാൻ വീട്ടിലേക്ക് വന്നു.ചായ കുടിച്ചു .ഇപ്പോൾ സമയം9.15 സുര്യ ഗ്രഹണം ശക്തമായ തീവ്രതയിൽ വരാൻ തുടങ്ങി.ഇരുട്ട് കൂടാൻ തുടങ്ങി അങ്ങനെ 9.25 ശക്തമായ ഇരുട്ട് ആയി 9.30 കഴിഞ്ഞപ്പോൾ പതുക്കെ പ്രകാശം വരാൻ തുടങ്ങി പണ്ട് സുര്യ ഗ്രഹണം ഉണ്ടാകുപോൾ കിണറുകൾ മൂടാറുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്.ഇപ്പോൾ സമയം 9.40 കുറെ കുറെ പ്രകാശം വന്നിട്ടുണ്ട്. ഞാൻ സുര്യ ഗ്രഹണം എങ്ങനെ വരുന്നത് ചിന്തിച്ചു ഭൂമിയുടേയും സൂര്യന്റെയും ഇടയിൽ ചന്ദ്രൻ വലയം വെക്കുകയാണെന്ന് ഞാൻ മനസ്സിലാക്കി

## പുഴ

കളം കളം പാടി ഒഴുകുന്ന പുഴ .കണ്ണാടി പോലെ തിളങ്ങുന്ന വെള്ളം. കണ്ണാടിയിലേക്ക് പാട്ടും പാടി എത്തി നോക്കുന്ന മുളകൾ .വിമാനങ്ങൾ പാറുന്നത് പോലെ തുമ്പികൾ പാറി കളിക്കുന്നു.തവളകൾ പുഴയിലെക്ക് ചാടുന്നത്പോലെ ചാടി കളിക്കുന്ന കുട്ടികൾ .പുഴയിൽ സന്തോഷത്തോടെ നീന്തി കളിക്കുന്ന മീനുകൾ.പുഴ വക്കത്തേക്ക് ചാരി നിക്കുന്ന മരങ്ങൾ.മരങ്ങളിൽ കൂട്ട കൂട്ടി സന്തോഷത്തോടെ കുഞ്ഞുങ്ങളുമൊത്ത് ജീവിക്കുന്ന കുരുവികൾ.കുട്ടികൾ പുഴയുടെ അരികിലെ മൈതാനത്ത് കാല്പന്തുകളിക്കുന്നു എത്ര മനോഹരമാണ് .പുഴ അതി മനോഹരവും വർണ വിശലവുമായ ദൈവത്തിന്റെ കലാസൃഷ്ടിയാണ്

# ഐ.ടി

ഐടി ഒരു പൊതു വിഷയം ആണ്.എല്ലാ കാര്യത്തിനും ഐടി ഉപയോഗിക്കുന്നു.ഇന്ന് ലോകത്ത് കൂടുതൽ ഉപയോഗിക്കുന്നത് ഐടി യാണ്.വിദ്യാഭാസത്തിനും,ജോലികൾ ക്കും,കച്ചവടത്തിനും,പഠിക്കാനും ഐടി ഉപയോഗിക്കുന്നു മാത്രമല്ല ഇന്ന് ലോകത്ത് ധാരാളമായി ഐടി ഉപയോഗിക്കുന്നു .മാത്രമല്ല ദൂരമുള്ളയാളെ അടുപ്പിക്കുന്നു ലൈവ് ആയി കാണാനും നമുക്ക് കാര്യങ്ങളും അയക്കാനും നമ്മെ ഐടി സഹായിക്കുന്നു.മനുഷ്യൻ ഇന്ന് കംപ്യൂട്ടറിന്റെ അടിമ ആയിട്ടുണ്ട്.അത് നമ്മൾ നേരെ കൈ കാര്യം ചെയ്യേണ്ടതുണ്ട്.

## ബുദ്ധിമാനായ കുറുക്കൻ

ഒരുദിവസം ഒരു കുറുക്കൻ നടന്നു പോവുകയായിരുന്നു അപ്പോൾ ഒരു കോഴിയെ കണ്ടു അവൻ അപ്പോൾ നല്ല വിശപ്പ് ഉണ്ടായിരുന്നു.അവന്റെ വായിൽ വെള്ളം വന്നു.ആ കോഴിയെ എങ്ങനെ അകത്താക്കാം എന്ന് അവൻ ചിന്തിച്ച കുറുക്കൻ അങ്ങനെ കോഴിയുടെ അടുത്തേക്ക് ചെന്നു.കോഴിയോട് പറഞ്ഞു ചേട്ടാ ഞാൻ ഉപദ്രവിക്കാൻ വന്നതല്ല ഞാൻ മാംസാഹാരമൊക്കെ നിറുത്തി എന്ന് കോഴിയോട് കള്ളം പറഞ്ഞു എന്റെ പല്ല് എടുത്തു തരുമോ എന്ന് പറഞ്ഞു .കോഴി പറഞ്ഞു മോനെ അത് എന്റെ അടുത്ത് നടക്കില്ല വേണമെങ്കിൽ ഡോക്ടറെ കാണിച്ചോ എന്ന് ദേഷ്യത്തോടെ കോഴി പറഞ്ഞു കുറുക്കൻ തിരിച്ച പോന്നു അടുത്ത ഒരു കോഴിയെ കണ്ടു കോഴി ചേട്ടാ എനിക്ക് ഒരു ഉപകാരം ചെയ്യണം എന്റെ തൊണ്ടയിലെ മുള്ള് എടുത്തു തരണം. ഒന്നു ആലോചിക്കാതെ കോഴി അവന്റെ വായയിൽ തലയിട്ടതും കുറുക്കൻ ഒരറ്റകടി കോഴിയുടെ ജീവൻ കുറുക്കൻ എടുത്തു അങ്ങനെ കുറുക്കൻ കോഴിയെ വയറ്റിലാക്കി

# ഗ്രാമം

ഗ്രാമം എന്നത് വളരെ മനോഹരമായ കാഴ്ച്ചയാണ്.കുന്നുകളും വനങ്ങളും കുളംകളും പാടുന്ന അരുവികളും പുഴകളും വളരെ നല്ല കാഴ്ചയാണ്.പക്ഷികളുടെയും പശുക്കളുടെയും മറ്റ് പക്ഷി മൃഗാദികളുടെയും ശബ്ദം ഗ്രാമത്തിന്റെ പ്രത്യേകതയാണ്.ടിവി കാണുന്ന കുട്ടികളെക്കാളും പാടത്തും പറമ്പിലും ഓടി ച്ചാടി കളിക്കുന്ന കുട്ടികളെ ഗ്രാമത്തിലും കാണാം





# പട്ടാളക്കാരന്റെവിലാപം

ഞാൻ അന്ന് ചെറിയ കുട്ടി ആയിരുന്നു വെറും ഒന്നാം ക്ലാസ് വിദ്യാർഥി അന്ന് എന്നെ പഠിപ്പിച്ച ടീച്ചർ എല്ലാ വരോടും ചോദിച്ച നിങ്ങൾ വലുതാകുമ്പോഴ് എന്താവും മെന്ന് .എല്ലാ വരും പറഞ്ഞു എഞ്ജിനീയർ എന്നും മറ്റും .പക്ഷെ എന്റെ കൂട്ടുകാരൻ പറഞ്ഞു

പട്ടാളക്കാരൻ ആവുമെന്ന് .പിന്നീട് എന്നോടും ചോദിച്ച ടീച്ചറ് ഞാനും പറഞ്ഞു പട്ടാളക്കരൻ എന്ന് .കൂട്ടുകാരൻ വെറുതെ പറഞ്ഞത് ആണെങ്കിലും ഞാൻ വെറുതെ വിട്ടില്ല .പിന്നീട് കൂട്ടുകാരിൽ നിന്നും ടീച്ചറിൽ നിന്നും പട്ടാളത്തെ പറ്റി കേൾക്കുന്നത്.
പിന്നീട് ഞാൻ പഠിച്ചു.വലുതായി
ക്യാമ്പിലെക്ക് അപേക്ഷകൾകിട്ടി .ട്രയിനിങ്ങും കഴിഞ്ഞു.ജോലിക്ക് കയറി.അങ്ങനെ ഞാൻ പട്ടാളക്കാരൻ ആയി .പിന്നെയാണ് ഞാൻ പട്ടാളക്കാരന്റെ വേദന മനസ്സിലാക്കുന്നത്

# നര



ജീവിത ത്തിന്റെ
അനുഭൂതികരമായ
ഒരാവസ്ഥയിലാണ് ഞാൻ.തലയിൽ അവടെ
ഇവിടെയായി വെള്ള വീഴാൻ തുടങ്ങിയിരിക്കുന്നു.കഴി
ഞ്ഞ ദിവസം എട്ടാം ക്ലാസുകർ ടീച്ചർ എന്താണ്
മുടിയിൽ പുരട്ടുന്നത് എന്ന് ചോദിച്ചു.ഒന്നുമില്ലെന്ന്
പറഞ്ഞപ്പോൾ ടീച്ചറുടെ മുടി നിരച്ചിട്ടില്ലെന്ന് എന്നും
പറഞ്ഞു അത് മനസ്സിന്റെ നന്മയാണെന്ന് ഞാനും
വെച്ച് കാച്ചി....എന്നാൽ നന്മ കുറച്ച് നഷ്ടപ്പെടുന്നെന്നും
അവിടെയായി ഒരോ വെള്ള കാണുന്നെന്നും
ഒരുത്തൻ. എന്തായാലും എന്റെ നര എനിക്ക്
ഇഷ്ടമാണ് എത്ര കാശ് കൊടുത്താണ്
ഓരോരുത്തരും സ്വന്തം മുടിക്ക് വിവിധ നിറങ്ങൾ
നൽകുന്നത് ...എന്തെല്ലാമോ രാസവസ്തുക്കൾ
വാരിപൂശി അസുഖങ്ങളെ വരുത്തിവിളിക്കുന്നു.ഞാൻ
എന്റെ നരച്ച മുടികളെ കണ്ണാടിയിലേക്ക് നോക്കി
നിന്നു.അപ്പൊ എനിക്ക് ഓർമ
വന്നു.ഇങ്ങനെയാണെങ്കിൽ അപ്പൂപ്പൻ സ്കൂളിയിലേക്ക്
വരണ്ട...കുട്ടുകാർ എന്നെ കളിയാക്കും...എത്ര തെറ്റായ
പരസ്യമാണ്..എപ്പോഴാണ് നര മോശമായത് ബാക്കി
ഏത് നിറം പൂശിയാലും നല്ലതും പ്രകൃതിദത്തമായ
നര മോശവും ...കഷ്ടം..പരസ്യം

എന്തോപറഞ്ഞോട്ടേ...എനിക്ക് എന്റെ നര ഇഷ്ടമാണ് ട്ടോ...

ചേച്ചിയുടെ തല നിരക്കാൻ തുടങ്ങിയെന്ന് അനിയമ്മാർ പറയുമ്പോൾ നിറഞ്ഞ സന്തോശത്തോടെ അഭിമാനത്തോടെ അതിനെ ഒന്ന് തലോട്ടും ഞാൻ കാരണവത്തിയായിരിക്കുന്നു.എന്റെ സ്വാതന്ത്ര്യങ്ങൾ വർതിച്ചിരിക്കുന്നു..എനിക്ക് പേരക്കുട്ടി ഉണ്ടാകുമ്പോൾ അവരെ കൊണ്ട് പറയിക്കും ..എന്ത് രസമാണീ നര അമ്മൂമ്മയുടെ ഈ നര കൂട്ടുകാർക്കൊക്കെ കാണിച്ചു കൊടുക്കും.............


## ജോതി ടീച്ചർ



# ചുവന്ന നിറമുള്ള പഴങ്ങളും പച്ചക്കറികളും



ചുവന്ന നിറമുള്ള പഴങ്ങളിലും പച്ചക്കറികളിലും ലൈക്കോപൈൻ,എല്ലാജിക് ആസിഡ്, ക്വെർസെറ്റിൻ,ഹെസ്പെറിടിൻ എന്നീ പോഷകങ്ങളുണ്ട്.ഇവ കാൻസർ വരാതിരിക്കാനും എൽ.ടി.എൽ കൊളസ്ട്രോൾ കൂടാതിരിക്കാനും സഹായിക്കുന്നു.



# ഗ്രൂപ്പ്



ഹായ്
ഹായ്
ഹായ് ടീച്ചർ
ഹലോ

വാട്സ്സാപ്പിൽ ഒരജ്ഞാതൻെറ സന്ദേശം നിറഞ്ഞു തുടങ്ങിയിട്ട് കുറച്ച് ദിവസങ്ങളായി .
ഡിപി നോക്കി ,
കട്ടിതാടി മുഖത്തിൻെറ ഭൂരിഭാഗവും കൈയ്യടക്കിയ ഒരു ചെറുപ്പക്കാരൻ . അതാരാണെന്ന് മനസ്സിലായില്ല .
“ആരാണ് ?
എനിക്ക് മനസ്സിയില്ല .....”
വളരെ നാളുകൾക്കുശേഷം ആ മെസേജുകൾക്കുള്ള എൻെറ റിപ്ലേ . ഇനി അറിയുന്ന ആരെങ്കിലുമാണെങ്കിൽ അവഗണിച്ചെന്നു വരരുതല്ലോ....
“...ടീച്ചർ ഞാൻ സന്ദീപാണ് .
എന്നെ ഓർമ്മയില്ലേ ?
ഞാൻ മണ്ണാർക്കാടിൽ നിന്നും ആണ് സംസാരിക്കുന്നത് . ”
സന്ദീപിൻെറ വോയിസ് മെസേജ് .

എനിക്ക് ഒരു ഓർമ്മയുമില്ല ,
സന്ദീപിനെക്കുറിച്ച്.എങ്കിലും ഞാൻ പറഞ്ഞു .
“പിന്നെന്താ മനസ്സിലാകാതെ . എന്താ സന്ദീപേ ....”
“ടീച്ചറേ ....പിന്നെ , ഞാൻ 8.I ലെ കുട്ടികളുടെ ഒരു ഗ്രൂപ്പ് ഉണ്ടാക്കിയിട്ടുണ്ട് . അതിൽ ടീച്ചറെ കൂടി ആഡ് ചെയ്യട്ടെ എന്ന് ചോദിക്കാൻ വേണ്ടിയാണ് .”
ഞാൻ ഞെട്ടി പോയി .
എന്ത് ? ഞാനറിയാതെ എൻെറ ക്ലാസ്സിലെ കുട്ടികളുടെ ഗ്രൂപ്പുണ്ടാക്കുകയോ . അതും പുറത്തുനിന്നൊരാൾ . ഇനി രക്ഷിതാക്കളാണെങ്കിൽ തന്നെ ഇങ്ങനെ ചെയ്യാമോ ?8.I ക്ലാസ് ടീച്ചറായ എനിക്ക് ശരിക്കും അരിശം വന്നു . ഈ സോഷ്യൽ മീഡിയയുടെ ഒരു അതിപ്രസംഗം .

“സന്ദീപേ അതെങ്ങനെ....
8.I യുടെ ക്ലാസ് ടീച്ചറായ ഞാൻ അറിയാതെ ഒരു ഗ്രൂപ്പ് ഫോമിംഗ് . 8ാം ക്ലാസിലെ കുട്ടികൾക്കൊന്നും സോഷ്യൽ മീഡിയ കൈകാര്യം ചെയ്യാനുമായിട്ടില്ല. പുറത്തുനിന്നുള്ളവർ സ്കൂൾ കുട്ടികളുടെ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതും ശരിയല്ല .
ഞാൻ ഇത് നിശിതമായി എതിർക്കുന്നു ”.
ഞാൻ പറഞ്ഞു .
അപ്പോഴതാ തലക്കുത്തി ചിരിച്ചുമറയുന്ന സന്ദീപിൻെറ ശബ്ദ മെസേജ് .

"ടീച്ചറേ നി ങ്ങൾ ഇപ്പോഴും 8.I ലെ ക്ലാസ്
ടീച്ചർ തന്നെയാണോ .
അവടന്ന് നിങ്ങൾക്ക് മാറ്റൊന്നും ആയിട്ടില്ലെ .ഞാൻ 15 വർഷം മുൻപ് 8.I ൽ പഠിപ്പ് നിർത്തിപ്പോയ സന്ദീപാണ് . പെട്രോൾ പമ്പിൽ ജോലി ചെയ്യിരുന്ന സന്ദീപ് . ടീച്ചർ മറന്നുപോയോ ? ഞാൻ അന്നത്തെ ചങ്ങായിമാരുടെ ഗ്രൂപ്പ് ഉണ്ടാക്കീതാ .... അതിൽ ടീച്ചറെ കൂടി കൂട്ടാനാ ...."

എന്റെ അപ്പോഴത്തെ മുഖഭാവം അവൻ കാണുന്നില്ലല്ലോ എന്ന സമാധാനത്തിലായിരുന്നു ഞാൻ .

ഞാൻ പറഞ്ഞു "സന്തോഷം , പക്ഷെ നിങ്ങളുടെ കളിച്ചിരിക്കിടയിൽ ഒരു കല്ലുകടിയാകാൻ ഞാനില്ല . സുഖദുഃഖങ്ങളൊക്കെ എന്നെ അറിയിക്കുക .

ഞാൻ എപ്പോഴുമുണ്ടാകും കൂടെ ..."

ഞാൻ പെട്ടെന്ന് വൈഫയ് വിച്ഛേദിച്ചു .അപ്പോഴും എന്റെ ചമ്മൽ കൂട്ട ചിരിയാക്കുന്ന സന്ദീപിന്റേയും കൂട്ടുക്കാരുടേയും ഗ്രൂപ്പിനെക്കുറിച്ച് വെറുതെ ഞാൻ സങ്കൽപിച്ചു .



## ശിലയിലെഴുതിയ കേരളനാമം

മൗര്യചക്രവർത്തിയായ അശോകന്റെ ശിലാശാസനങ്ങളിൽ കേരളപുത്ര എന്ന പേരുണ്ട്.കേരളത്തെകുറിച്ചുള്ള ആദ്യ പരാമർശം ഇതാണെന്നു കരുതപ്പെടുന്നു.

### നാട്ടുരാജ്യങ്ങൾ

പിൽകാലത്ത് വിവിധ നാട്ടുരാജ്യങ്ങളുടെ ഒരുകൂട്ടായ്മയായി ഈ നാട് മാറി. തിരുവിതാംകൂർ, കൊച്ചി, കോഴിക്കോട്, കോലത്തുനാട്, വള്ളുവനാട്, തെക്കുംകൂർ, വടക്കുംകൂർ, പൂഞ്ഞാർ, പന്തളം, ചെമ്പകശ്ശേരി, കായംകുളം തുടങ്ങിയവ കേരളത്തിലെപ്രധാന രാജവംശങ്ങളാണ്.

## വഴികാട്ടിയായ വാസ്കോ

കോഴിക്കോടിനടുത്തുള്ള കാപ്പാട് കടപ്പുറത്ത് വാസ്കോഡ് ഗാമ എന്ന പോർച്ചുഗീസ് നാവികൻ 1498-ൽ കപ്പലിറങ്ങി. ഗാമയ്ക്ക്പിന്നാലെ ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും ഇന്ത്യൻ ഉപഭൂഖണ്ഡം തേടിയെത്തി.

## തിരു-കൊച്ചി

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ വേണാടും തിരുവിതാംകൂറും ലയിച്ച് തിരു-കൊച്ചി സ്റ്റേറ്റ് രൂപം കൊണ്ടു.

## കേരളം രൂപപ്പെടുന്നു

നമ്മൾ ഇന്ന് കാണുന്ന കേരളം രൂപപ്പെടുത്തിയത് മലയാളം സംസാരിക്കുന്ന പ്രദേശങ്ങൾ ചേർത്താണ്. 1956-ലാണ് കേരള സംസ്ഥാനം രൂപികരിക്കപ്പെട്ടത്. തിരു-കൊച്ചി സംസ്ഥാനത്തിന്റെ ചില തെക്കൻ പ്രദേശങ്ങൾ തമിഴ്നാടിന്റെ കൈവശമാണ് ഇന്ന്.

## കടങ്കഥകൾ



1.ആശാരി മൂശാരി തൊടാത്ത മരം
വെള്ളത്തിലിട്ടാൽ ചീയാത്ത മരം
-മുതല

2.അമ്മ കുളിച്ച് വരുമ്പോൾ
മൂന്ന് മക്കൾ തൊഴുതിരിക്കുന്നു
-അടുപ്പ് കല്ല്

3.അടിയില്ലാത്ത ഭരണി
-കിണർ

4.അടക്കും തുറക്കും കിങ്ങിണി
പത്തായം
-കണ്ണ്

5.തലവെന്താലും തടി വേവില്ല
-നെല്ല്

6.അടിച്ചു വാരിയ മുറ്റത്ത്
വാരിയെറിഞ്ഞു മണൽത്തരികൾ
-നക്ഷത്രങ്ങൾ

7.അമ്മ കൊലുന്നനെ മക്കൾ കുരുന്നനെ

-കറുങ്ങ്

8.കടകടാ കുട്ടകുട്ടവട്ടത്തിലോട്ടം വണ്ടി

-ആട്ടുകല്ല്

9.സൂചി പോലെ ഇല വന്നു
പായ പോലെ വിരിഞ്ഞു

-വാഴ

10. അളന്നു വാങ്ങാനാവില്ല,
തൂക്കിവാങ്ങാനാവില്ല ,എല്ലാവർക്കും
വേണം ഇതൊരുപോലെ


-വായു

11.കാട്ടിൽ കിടക്കും ചിന്നൻ
പറഞ്ഞതു കേൾപ്പിക്കാൻ മിടുക്കൻ

-വടി

12.ചില്ലിക്കമ്പിൽ വെള്ളക്കുമിള

-നെല്ലിക്ക



## ഗുഹയിലെ നിധി

ഒരിടത്ത് ഒരു സമ്പന്നയായ സ്ത്രീ ഉണ്ടായിരുന്നു. അവർക്ക് ഒരു പേരക്കുട്ടി അല്ലാതെ വേറെ ആരും ഉണ്ടായിരുന്നില്ല.പേരക്കുട്ടിയെ കാണാൻസുന്ദരിയായിരുന്നുഅവരുടെ കയ്യിലുണ്ടായിരുന്ന പണം കൊണ്ട് അവർ ജീവിച്ചു.കാലങ്ങൾ കഴിഞ്ഞു പോയി,ആ സ്ത്രീ - വൃദ്ധയായി. അവരുടെ പക്കലുള്ള പണം കഴിഞ്ഞു. പിന്നീട് അവർ വീട്ട് ജോലി ചെയ്യാൻ തുടങ്ങി.കാലങ്ങൾക്ക് ശേഷം ആ വൃദ്ധ കിടപ്പിലായി. വീട്ട് ജോലിക്ക് പോവാൻ കഴിയാതെ വന്നപ്പോൾ പണമുണ്ടാക്കാൻ പേരക്കുട്ടിയെ-വീട്ട് ജോലിക്ക് പറഞ്ഞയച്ചു.വീട്ട് ജോലി ചെയ്യാൻ പോയ അവളെ അവിടുത്തെ ആളുകൾ ഒരുപാട് ഉപദ്രവിച്ചു.അവൾ അമ്മമ്മയോട് ഇതെല്ലാം പറഞ്ഞപ്പോൾ അമ്മമ്മ പറഞ്ഞു:ഇനി മോൾ ജോലിക്കു പോയി കഷ്ടപ്പെടേണ്ട. നിനക്ക് ഞാൻ ഒരു രഹസ്യം പറഞ്ഞു തരാം; അവൾക്ക് എന്താണ് അമ്മമ്മ പറയുന്നതെന്ന് കേൾക്കാൻ ആകാംക്ഷയായി.അത് എന്താണെന്ന് അവൾ ചോദിക്കുകയും ചെയ്തു.അമ്മമ്മ പറഞ്ഞു: നമ്മുടെ മഞ്ചാടിക്കാട്ടിൽ ഒരു ഗുഹയുണ്ട്. ആ ഗുഹക്കുള്ളിൽ ആരും

ഇതുവരെ കാണാത്ത ഒരു നിധിയുണ്ട്. അത്
തേടിപ്പിക്കണമെങ്കിൽ വളരെ
പ്രയാസമാണ്.അവിടേക്ക് ആരും ഇതുവരെ
പോകാൻ ധൈര്യപ്പെട്ടിട്ടില്ല.അവിടെ
എത്തണമെങ്കിൽ ഒരു വലിയ പുഴയും, മലയും,കാ-
ട്ടും കഴിയണം.അപ്പോഴേക്കും ഒരു "5"ദിവസമെങ്കിലും
എടുക്കും.അവിടെ ഒരു രാജ കൊട്ടാരവും ഉണ്ട്.
ആ ഗുഹക്കുള്ളിൽ ഒരു ഭൂതം ഉണ്ട്. അവനാണ്
ആ നിധിയുടെ കാവൽക്കാരൻ.അവൻ ചോദി-
ക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞാൽ അവ-
ൻ ആ ഗുഹക്കുള്ളിൽ കയറാൻ
അനുവദിക്കും.അല്ലെങ്കിൽ അവൻ കൊല്ലും.5 ദിവസം
കഴിഞ്ഞ് അവൾ അവിടെ എത്തുകയും ആ ഗുഹ
കണ്ടെത്തുകയും ചെയ്തു.അവൾ ആ ഗുഹയിൽ
കയറാൻ നിന്നതും ഒരു രാക്ഷസന്റെ ഭീകര ശബ്ദം
കേട്ടു;ഏ നിൽക്കൂ.കുട്ടീ,നിനക്ക്ഈ ഗുഹയിൽ കയറി
നിധി എടുക്കണോ? കുട്ടി പറഞ്ഞു:അതെ എനിക്ക്
ഈ ഗുഹയിലെ നിധി വേണം.
എങ്കിൽ ഞാൻ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം
പറയണം.രക്ഷസൻ പറഞ്ഞു.അവൾ അതിന്
സമ്മതിക്കുകയും രാക്ഷസൻ ചോദിച്ച ചോദ്യത്തിന്
ഉത്തരം പറയുകയും ചെയ്തു.അവൾ നിധി
കണ്ടെത്തുകയും ആരുടെയും കണ്ണിൽ പെടാതെ
അത് കൊണ്ട് വരികയും ചെയ്തു.വരുന്നവഴിക്ക്
മുത്തശ്ശി പറഞ്ഞ കൊട്ടാരംകണ്ടു.കൊട്ടാരത്തിലെ
ഒരു റൂമിലെ ജനാലക്കടുത്തിരുന്നിരുന്ന

രാജകുമാരൻ അവളെ കണ്ടു.അവളുടെ
അടുത്ത് വന്ന് അദ്ദേഹം കുറേ നേരം
സംസാരിച്ചു.അവർ സംസാരിക്കുന്നതി-നിടയിൽ
അവർ അറിയാതെ തന്നെ സ്നേഹത്തിലായി.അവർ
രണ്ടു പേരുടെയും സ്നേഹം അറിഞ്ഞ രാജാവ്
അവരുടെ വിവാഹനടത്താൻതീരുമാനിച്ചു.ഇതറിഞ്ഞ
രാജക്കുമാരനും പെൺക്കുട്ടിയും വളരെയധികം
സന്തോഷിച്ചു.പിറ്റേന്നു തന്നെ അവരുടെ വിവാഹം
രാജപ്രൗഢിയോടെ നടത്തി.വിവാഹത്തിൽ
പങ്കെടുത്തവർ സുന്ദരിയായ രാജകുമാരിയെ കണ്ട്
ജനങ്ങൾ അത്ഭുതപ്പെട്ടു. ദിവസങ്ങൾ കഴി
ഞ്ഞു.രാജകുമാരി ഒരു ദിവസം ദിവസങ്ങൾ കഴി
ഞ്ഞു.രാജകുമാരിഒരുദിവസംജനാലയ്ക്കടുത്ത്ഇരിക്കുക
യായിരുന്നു.പഴയകാര്യങ്ങൾഓർത്തപ്പോഴാണ്
അവൾക്ക് അവളുടെ അമ്മൂമ്മയെ ഓർമ
വന്നത്.അവൾഅവളുടെഅമ്മൂമ്മയെക്കുറിച്ച്ഭർത്താവാ
യ രാജകുമാരനോട് എല്ലാം പറഞ്ഞു.അവിടേക്ക്
ചെല്ലാൻ രാജകുമാരനും തിടുക്കമായി.അവർഅങ്ങോട്ട്
പോയി.വീടിൻെറമുറ്റത്ത്മുത്തശ്ശിഇരിക്കുന്നുണ്ടായിന്നു.മു
ത്തശ്ശിയെ അവർരാജകൊട്ടാരത്തിലേക്ക് കൊണ്ട്
പോയി സുഖമായി ജീവിച്ചു.

# പുതുവർഷപുലരി



പുതുവർഷപുലരിതൻ കുങ്കുമശോഭയിൽ
പാരിടമാകെ കുളിരേകി മന്ദമാരുതൻ
തുഷാരകണികൾ പുൽകിയ മാമരങ്ങൾ
തുവെൺപുലരിയെ നമിച്ചുനിന്നു...
സുഗന്ധപൂരിതമാം പുങ്കാവനികൾ
തുമന്ദഹാസത്തിൽ പ്രഭചൊരിഞ്ഞു...
കളജതങ്ങളും കിളികൊഞ്ചലുകളുമുയർന്നു
കല്ലോലിനികൾ കളകളാരവമൊഴുകി...
മാനവഹൃത്തിൽ മന്ത്രധ്വാനിനാദമുയർന്നു
വസുന്ധരേ..നീഎത്ര സുന്ദരീയീപുലരിൽ...
വാർമഴവില്ലഴകിൽ മോഹനഗാത്രിയല്ലേ...
സൂര്യാംബുപുൽകും വയൽത്തോപ്പുകൾ....
സാന്ത്വനമോടെ ചാഞ്ചാടിചിരിതൂകിനിന്നു....
സൗഭാഗ്യസുന്ദരപ്പുലരിയെ കണ്ടുവോ....
സ്വപ്നാടനത്തിൽ നിന്നുണരുന്നമർത്ത്യൻ....

# കാത്തിരിപ്പ്



ചുട്ടുപൊള്ളുന്നൊരീ വേനലിൽ
ഒരിറ്റുനീർ വെള്ളത്തിനായ് ഞാൻ കൊതിച്ചു
ഇടിവെട്ടിത്തിമർത്തു ചെയ്യുന്നൊരി
മഴവെള്ളപാച്ചിലിൽ കാതോർത്തു നിന്നു
പ്രകൃതിക്ഷോഭത്തിനാൽ ഞാനൊരു മഴനീർ
വേഴാമ്പലായ് കാത്തുനിന്നു
പ്രകൃതിയാം അമ്മയെ ക്രൂശിച്ച്
പ്രകൃതിസ്നേഹത്തിനായ് കാത്തിരുന്നു

-

# ചീട്ടുകൊട്ടാരം

മണ്ണിനെ കീറിമുറിച്ച ഞാനിന്നൊരു

ഇരുനില ഫ്ലാറ്റുകൾ തീർത്തിടുമ്പോൾ

അംബര ചുംബിയാ കെട്ടിടം നോക്കി ഞാൻ

അമ്പരന്നാഹ്ലാദിച്ച പോയി

പൊള്ളുന്ന വെയിലിൽ ചൂളുന്ന ഞാനിന്ന്

എയർ കണ്ടീഷനൊന്നു ഫിറ്റു ചെയ്തു

പൊടിയും പുകയും തിന്നുമടുത്തപ്പോൾ

തെളിനീർ വായുവിനായ് കൊതിച്ച

രാത്രി കിടന്നൊന്നു തലചായ്ചീടവെ

യന്ത്രനിരക്കം കണക്കെ കൊതുകുകൾ

മൂളിപായുന്നു ശകടാരവങ്ങൾ

നാടൻ കളികളും നാടോടിപ്പാട്ടും

നാട്ടുകൃഷികൾക്കും മാറ്റമുണ്ടത്രെ

“നാട്യപ്രധാനം നഗരം ദരിദ്രം

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

അഭിനവ് കൃഷ്ണ.പി

# സനിലിന്റെ മൺപാത്രം



ഒരിടത്ത്സനിൽഎന്നൊരു കർഷകൻ ഉണ്ടായിരുന്നു. അയാൾക്ക്ഭാര്യയും മൂന്നുകുട്ടികളും ഉണ്ടായിരുന്നു. സനിലിന്റെ വീട്ടിൽ വലിയദാരിദ്ര്യംമായിരുന്നു. ഒരിക്കൽ സനിൽ പാടത്ത്പണിയെടുക്കുമ്പോൾ ഒരുമൺപാത്രം കിട്ടി. അതുമായി സനിൽ വീട്ടിലേക്കു പോയി. വീട്ടിലെ ധാന്യങ്ങളെല്ലാം തീർന്നിരുന്നു. സനിലിന്റെ മൂന്ന്മക്കളും വിശന്നുകരയാൻതുടങ്ങി. സനിലിന്റെഭാര്യ സനിലിനോട്പറഞ്ഞു.
“ദേ,മക്കളൊക്കെ വിശന്നുകരയാൻ തുടങ്ങി, ഇവിടെ ഒന്നുമില്ല വെച്ചുണ്ടക്കാൻ, പോയി വല്ലതും വാ ങ്ങി വാ”.സനിൽ മറുപടി നൽകി. എടീ, “ എന്റെകയ്യിൽ ഒരുപൈസയുമില്ല ഞാൻ എന്തുചെയ്യും”. അപ്പോൾ ഭാര്യപറഞ്ഞു. ഈമൺപാത്രം കരകൗശലക്കാരനായ രാജുവിന് വിറ്റുകൂടെ”.അതൊരു നല്ല ബുദ്ധിയാണെന്ന്സനിലിനു തോന്നി. സനിൽ മൺപാത്രവുമായി രാജുവിന്റെ കടയിലേക്കു നടന്നു.രാജു മൺപാത്രം കണ്ടതും അതെടുത്ത് റോഡിലേക്ക് വലിച്ചെറിഞ്ഞു. മൺപാത്രം നിലത്തു വീണു പൊട്ടി അതിൽനിന്നും കുറെ സ്വർണ്ണനാണയം തെറിച്ചു വീണു.അതുകണ്ട് സനിൽ ഓടിച്ചെന്ന്സ്വർണ്ണ നാണയംപെറുക്കാൻ തുടങ്ങി. അതുകണ്ട് രാജു കണ്ണും തള്ളി നിന്നു പോയി


# സിംഹവും പുലിയും

ഒരുകാട്ടിൽ സിംഹവും പുലിയും കൂട്ടുകാരായി താമസിച്ചിരുന്നു ഒരു ദിവസം അവർ കൂട്ടായി വേട്ടയാടാൻ പുറപ്പെട്ടു
കുറച്ചുനേരം ചെന്നപ്പോൾ അവർ മാനിനെ കണ്ടെത്തി രണ്ടുപേരും കൂടി അതിനെ ഓടിച്ചുപിടിച്ചു കൊന്ന് തിന്നു
സിംഹം പറഞ്ഞു ഞാൻ കാട്ടിലെ രാജാവാണല്ലോ അതുകൊണ്ട്ഞാൻ ആദ്യം തിന്നാം ശേഷം നീ തിന്നാൽ മതി
അതു പറ്റില്ല നമ്മൾ രണ്ടാളും കൂടിപിടിച്ചതാണ് ഈമാനിനെ തിന്നാൽ ഞാനും താങ്കളോടപ്പം തിന്നും .പുലി പറഞ്ഞു
പുലി അങ്ങനെ പറഞ്ഞതുകേട്ട് കോപം വന്നു സിംഹത്തിന് .അവൻ പുലിയെ അക്രമിക്കാൻ തുടങ്ങി പുലിയും വിട്ടുകൊടുത്തില്ല അവനും പ്രത്യാക്രമണം നടത്തി വളരേ നേരം അവർ തമ്മിൽ അടിയും കടിയും നടന്നു.രണ്ട് പേരും തളർന്ന് വീണു
അതുകൊണ്ട് ഒരു കുറുക്കൻ ആ വഴി വന്നെത്തി അവൻ ആവശ്യമുള്ളത്ര മാംസം ആ മാനിന്റെ ദേഹത്ത് നിന്ന് കടിച്ചു തിന്നു
അതു കണ്ടപ്പോൾ തമ്മിൽ അടി നടത്തി തളർന്നു കിടന്നിരുന്ന സിംഹവും പുലിയും സങ്കടപ്പെട്ടു.തമ്മിൽ

അടിച്ചാൽ ഗുണം മറ്റുള്ളവർക്കാണ് കിട്ടുകയെന്ന്
അവർ മനസ്സിലാക്കി

ക്ഷമയും വിട്ടു വീഴ്ച്ചയും നമ്മുടെ രക്ഷക്ക്
ആവശ്യമാണ്.

അജ്മിയ 9D



# വെയിലൂവേണോ? മഴവേണോ?



ഒരിക്കൽ വെയി ലും മഴയും ഒരു
വയലിൽ വെച്ച് കണ്ടുമുട്ടി

എന്നെയാണ് ജനങ്ങൾക്ക് ഏറ്റവും ഇഷ്ട്ം അലക്കിയിട്ട വസ്ത്രങ്ങൾ ഉണക്കാനും ധാന്യങ്ങൾ ഉണക്കാനും ആളുകൾക്ക് എന്നെയാണ് ആവശ്യം. വെയിൽ അഹങ്കാരത്തോടെ പറഞ്ഞു. അത് കേട്ടപ്പേൾ മഴ പറഞ്ഞു.എന്നെയാണ് അവർക്ക് അതിലും അവശ്യം വിത്തുകൾ മുളയ്ക്കാനും കുടി വെള്ളം കിട്ടാനും മനുഷ്യർക്ക് മഴ വേണ്ടേ? എന്നാൽ അതെന്നു നോക്കാമല്ലോ വെയിൽ പറഞ്ഞു. ശരി അങ്ങനെ തന്നെ അതു പറഞ്ഞു മഴ പെയ്യാൻ ആരംഭിച്ചു. അപ്പോൾ ജനങ്ങൾ ഉണക്കാൻ ഇട്ടിരുന്ന ധാന്യങ്ങളും തുണികളുമെല്ലാം നനഞ്ഞു. അവർ മഴയെ ചീത്തപറഞ്ഞു മഴ പിണങ്ങി പിന്നെ വളരെകാലം പെയ്തതേയില്ല. കൃഷി നശിച്ചു കുടിവെള്ളം കിട്ടാതെ ജനങ്ങൾ കഷ്ട്പ്പെട്ടു ജനങ്ങൾ മഴക്കു വേണ്ടി പ്രാർത്ഥനതുടങ്ങി അത് കേട്ടു മഴ വീണ്ടും പെയ്യാൻ തുടങ്ങി അപ്പോൾ ജനങ്ങൾ പറഞ്ഞു ഞങ്ങൾക്ക് നിങ്ങൾ രണ്ടു പേരെയും ഇഷ്ട്മാണ് ആരും പിണങ്ങി പോകരുത് അത്കേട്ടുമഴയും വെയിലും അഹങ്കാരമെല്ലാം ഉപേക്ഷിച്ച് നല്ല കൂട്ടുകാരായി

# ഇവരെത്ര ഇവയെത്ര

## പഞ്ചേന്ദ്രിയങ്ങൾ

കണ്ണ്.കാത്,മൂക്ക്,നാക്ക്,ത്വക്ക്

## ആറുകാലങ്ങൾ

വസന്തം,ഗ്രീഷ്മം,വർഷം,ശരത്ത്,ഹേമന്തം,ശിശിരം

## പഞ്ചലോഹങ്ങൾ

ചെമ്പ്,പിച്ചള,തകരം,ഈയം,ഇരുമ്പ്,

## പഞ്ചഭൂതങ്ങൾ

ഭൂമി,ജലം,അഗ്നി,വായു,ആകാശം

## നാലുവേദങ്ങൾ

ഋക്,യജുസ്,സാമം,അഥർവം,

## ചതുരംഗപ്പട

ആന,കുതിര,തേര്,കാലാൾ

## പഴഞ്ചൊല്ലുകൾ

1.അകത്തു കത്തിയും പുറത്ത് പത്തിയും

2.അകലത്തെ ബന്ധുവിനേക്കാൾ നല്ലത്അരികത്തെ ശത്രു

3.അങ്ങാടി പയ്യ് ആലയിൽ നിൽക്കില്ല

4.അങ്ങാടിയിൽ തോറ്റതിന്അമ്മയോട്

5.അച്ഛൻ ആന കേറിയാൽ മകന് തഴമ്പുണ്ടാകുമോ

6.അഞ്ചിലറിഞ്ഞില്ലെങ്കിൽ അമ്പതിലറിയും

7.അഞ്ചു വിരലും ഒരു പോലല്ല

8.അടക്ക മടിയിൽ വെക്കാം അടക്കാ മരമായാലോ

9.അടി തെറ്റിയാൽ ആനയും വീഴും

10.അടിയിരിക്കുന്നിടത്ത് ചെകിട് കാണിക്കരുത്
11.അടുക്കള പിണക്കം അടക്കി വെക്കണം
12.അടുത്തവനെ കെടുത്തരുത്

13.അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ
14.അതിലാഭം പെരും ചേതം
15.അത്താഴം മുടക്കാൻ നീർക്കോലി മതി
16.അധികമായാൽ അമൃതം വിഷം

17.അമ്മക്കു പ്രാണവേദന മകൾക്കു വീണവായന
18.അർധം താൻ അർധം ദൈവം
19.അരമന രഹസ്യം  അങ്ങാടി പരസ്യം
20.അരിനാഴിയെ ഉള്ളുവെങ്കിലും അടുപ്പുകല്ല്മൂന്ന് വേണം

21.ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
22.ഇക്കരെ നിന്നാൽ അക്കരെപ്പച്ച
23.ഇടിച്ചു നേടുന്നത് ചിരിച്ചു നേടാം
24.ഇത്തിൾ പിടിച്ച മരം കെട്ടും
25 ഇലമുള്ളിൽ വീണാലും മുള്ള്   ഇലയിൽ വീണാലും ഇലക്കുതന്നെ കേട്
26.ഉള്ളപ്പോൾ ഓണം ഇല്ലത്തപ്പോൾ പട്ടിണി

27.ഉള്ളത് കൊണ്ട് ഓണം

28.ഉള്ളിലുള്ളത് കണ്ണിൽ അറിയാം



## ഇല വര


ഇലയിൽ  ഒരാളുടെചിത്രം ഉണ്ടാക്കിയെടുത്താൽ എങ്ങനെയിരിക്കും? അതാണ്ലിംഫ് പോർ ട്രയിറ്റ് ഇലകൾ
കൊണ്ട് ഛായാചിത്രം ഉണ്ടാക്കുന്നു. ഇലകൾ ഉപയോഗിച്ച് നിങ്ങൾക്ക് അവനവന്റേതോ പ്രിയപ്പെട്ട വരുടെയോ ഛായാചിത്രംനനവില്ലാത്ത പച്ചയോതളിരോ ആയഇലകൾ
എടുക്കണം.പറിക്കാനു ഉദ്ദേശിച്ചതുമുറിച്ച് നശിപ്പിക്കരുത് മുതിർന്നവരുടെ അനുവാദത്തോടെ ചെയ്യാവൂ..ഇഷ്ടതാരങ്ങളുടെ ചിത്രങ്ങളാണ്എനിക്ക് ഇഷ്ടം

–

## മഞ്ഞുതുള്ളി




നേരം പുലർന്നു ഞാൻ
നോക്കിടുമ്പോൾ മിന്നിതിളങ്ങുന്ന
മഞ്ഞുതുള്ളി
പുല്ലിനും പൂവിനും എങ്ങുചെന്നു
കണ്ണുനീർ തുള്ളിപോൽ മഞ്ഞുത്തുള്ളി
സൂര്യൻ ഉദിച്ച നേരം
എങ്ങോ ചാഞ്ഞുപോയ മഞ്ഞുതുള്ളി



## വളർച്ചയാണ് വളർന്നതാണ്

വൃദ്ധി...വളർച്ച...വൃദ്ധൻ
വളർന്നവനാണ്...നാല്പതരം
വൃദ്ധൻമാരുണ്ട്...വയസ്സ്കൊണ്ട്
വളർന്നവൻ  വയോവൃദ്ധൻ...
അറിവ് കൊണ്ട്  വളർന്നവൻ
ജ്ഞാനവൃദ്ധൻ...സ്വന്തം
ശീലങ്ങൾ  കൊണ്ട്...മറ്റുള്ളവർക്ക്
മാതൃകയാവുന്ന ശീലങ്ങൾ/
പെരുമാറ്റങ്ങൾ  കൊണ്ട്
വളർന്നവൻ  ശീല വൃദ്ധൻ..സ്വന്തം
കർമ്മങ്ങൾ/ഉത്തരവാദിത്തങ്ങൾ
പൂർണ്ണമായി ഉൾകൊണ്ട് അത്
നൂറുശതമാനം ആത്മാർത്ഥയോടെ
ചെയ്യുന്നവൻ...അതായത്  സ്വന്തം
കർമ്മങ്ങളെ ഒരു തപസ്സായി കണ്ട്
ചെയ്യുന്നവൻ തപോവൃദ്ധൻ..







# പെരുമ്പാമ്പിന്റെ വമ്പൻസൂത്രം



മാസങ്ങളോളം പട്ടിണി കിടന്ന്
വയറ് നിറയെ ഭക്ഷണം കഴിക്കുക,
ഇതാണ് പെരുമ്പാമ്പുകളുടെ രീതി.
പട്ടിണിക്കാലത്ത് അവയവങ്ങൾക്ക് പൂർണ
വിശ്രമം കൊടുക്കാൻ ഇവ പ്രത്യേകം ശ്രദ്ധിക്കും
രസം അതൊന്നുമല്ല. ഈ സമയത്ത്
പെരുമ്പാമ്പിന്റെ വൻകുടലും ചെറുകുടലുമെല്ലാം
ചെറിയകുടലിന്റെ അത്ര ചെറുതാകും! മറ്റ്
അവയവങ്ങളും അതുപോലെത്തന്നെ. എന്നാൽ
വയറുനിറയുമ്പോഴോ?ഒരു ദിവസം കൊണ്ട്
എല്ലാം ഇരട്ടി വലുപ്പവുമാവുകയും ചെയ്യും!
അവയവങ്ങളെ പെട്ടന്ന് വളർത്താനുള്ള
പ്രത്യേകതരം ജീനുകളാണ് പെരുമ്പാമ്പിന്റെ
ശരീരത്തിൽ പ്രവർത്തിക്കുന്നത്. ജീവികളുടെ ഈ
പവറുകൾ "കട്ടെടുത്ത്" മനുഷ്യരെ സ്മാർട്ട്
ആക്കാനുള്ള ശ്രമത്തിലാണ് ഗവേഷകർ.
ഇത്തരം കഴിവുകൾ ജീവികളെ സഹായിക്കുന്ന
ജീനുകളുടെ പഠനത്തിലാണിവർ.

# പ്രളയകാല നാളുകൾ



പ്രളയത്തന്റെ നാളുകളിൽ ചത്ത മനസ്സുമായി
അമ്മതന്നോരത്തിരുന്നീടവെ
അമ്മപറഞ്ഞകഥകളിലൊക്കെയും
പുസ്തക താളിലെ കേരളവും
വാട്സ് ആപ്പ്,ഫേയ്സ് ബുക്കിനപ്പുറമിന്ന്
പ്രകൃതിപലതുംപകർന്നുതന്നു
പുസ്തകതാളുകൾക്കപ്പുറമിന്നു
നേച്ചർ ബ്യൂട്ടിയും പകർന്നുതന്നു
ഇത്ര മേൽ ക്ഷുഭിതയാം പ്രകൃതിയാൽ
ക്ഷോഭത്തിലുലകം മുഴവൻ വെന്തെരിഞ്ഞു
മനുഷ്യൻ മനുഷ്യനെ കൊന്നിടുന്നു

# നാം എങ്ങനെ യായിരിക്കണം



നാം എങ്ങനെ ആയിരിക്കണം
എന്തു സംസാരിക്കണം എന്തുചെയ്യണം
എന്നൊക്കെ തീരുമാനിക്കുന്നത് നാം സ്വയമാണ്
അത് മറ്റുള്ളവരുടെ ആഗ്രഹം ഒന്നുമല്ല അതുപോലെ
തന്നെ നമ്മുടെ വെക്തിത്വം നാം സ്വയം
ശരിയാക്കേണ്ടതാണ്


മറ്റുള്ളവരെ സ്നേഹിക്കുക...........
മുതിർന്നവരെ അനുസരിക്കുക.......
മറ്റുള്ളവരെ സഹായിക്കുക.........

ഇപ്രകാരമുള്ള ഓരോ നല്ല പ്രവർത്തികളും നമ്മുടെ
ജീവിതത്തിൽ ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ഒരു
വിജയം സാധിക്കു
നല്ല നല്ല മൂല്യങ്ങളായ സ്നേഹം, ത്യാഗം,സഹനം,
താഴ്മ,ക്ഷമ,പരോപകാരം,സാമ്യത,വിശ്വസ്തത....
ഇപ്രകാരമുള്ള ഓരോ മൂല്യങ്ങൾ നമ്മുടെ
ഹൃദയത്തിൽ സംഭരിക്കണം നാം മറന്നു പോകരുത്
അതുപോലെ തന്നെ നാം എന്തുചെയ്യുമ്പോഴും
സമാധാനമുള്ളവരായിരിക്കണം.
നാം ഒന്ന് ഓർക്കുക നാം എപ്പോഴും
സമാധാനത്തോട് കൂടെ ജീവിക്കുന്നവരാണെങ്കിൽ

ഈ ലോകത്ത് അക്രമണവും കൊലപാതവും ഒന്നും ഉണ്ടാവുകയില്ല

ആയതിനാൽ നാം സമാധാനത്തോട് കൂടി നല്ല നല്ല മൂല്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ച കൊണ്ട് എല്ലാവർക്കും വിജയം കൈവരിക്കാൻ ആശംസിച്ചുകൊള്ളുന്നു







# മഴ

മഴ ദൈവത്തിന്റെ മകൾ സ്വർഗത്തിൽ നിന്ന്
വന്നവൾ ഭൂമിയെ സ്മൃതി ആക്കിയവൾ
മനുഷ്യരുടെയും മരങ്ങളുടെയും മൃഗങ്ങളുടെയും ദാഹം
തീർത്തവൾ
പ്രകൃതിയുടെ ഭാവനയാണ് മഴ.
പ്രകൃതിയെ സ്നേഹിച്ചാൽ പ്രകൃതി നമ്മെയും
സ്നേഹിക്കും നമ്മൾപ്രകൃതിയെ ഉപദ്രവിച്ചാൽ മഴ
വിനാശമാവുന്നു
മഴ പ്രകൃതി അറിഞ്ഞുതരുന്ന വരമാണ്

# പെന്നോണം



ചിങ്ങമാസമണഞ്ഞല്ലോ...

എങ്ങും പൂക്കൾ വിരിഞ്ഞല്ലോ...

തുമ്പികൾ  പാറിയണഞ്ഞല്ലോ...

കുട്ടികൾ  പൂക്കളം തീർത്തല്ലോ..

മാവേലി മന്നൻ വന്നപ്പോൾ...

കുട്ടികൾ പാട്ടുകൾ പാടിയല്ലോ...

പൂക്കളം തീർത്തതും,പായസം വെച്ചതും...

സന്തോഷത്തോടെ കണ്ടു മടങ്ങിയ മന്നൻ...

മലയാളനാട്ടിലെ അപ്പൂപ്പൻ...

ഒരു നാളും മറക്കാത്ത അപ്പൂപ്പൻ...

# സൂപ്പർആനിമൽസ്



അമേസിങ് ആമകൾ


ഓക്സിജൻ ഇല്ലാതെ ജീവിക്കാനുള്ള കഴിവ് കൂടുതൽ ആമകൾക്കാണ് . റെഡ് ഇയേഡ് സ്ലൈഡർ വിഭാഗത്തിൽപ്പെട്ട ആമകളും ആറ് ആഴ്ച വരെ ഐസിനകത്ത് സുഖമായി കഴിയും. പുറത്താണെങ്കിൽ രണ്ട് ദിവസം ഓക്സിജൻ കിട്ടിയില്ലെങ്കിൽയാതൊരു കുഴപ്പവുമില്ല! ഈ അവസ്ഥയിലും അവയുടെ തലച്ചോർ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് കണ്ടെത്തിയാൽ പക്ഷാഘാതംപോലുള്ള രോഗങ്ങൾ ചികിത്സിക്കാമെന്നാണ് ഗവേഷകർ കണക്കുകൂട്ടുന്നത്

## 1) അധ്വാനത്തിന്റെ വില

ഒരു ഗ്രാമത്തിൽ മീനാക്ഷി എന്ന ഒരു മുത്തശ്ശി ഉണ്ടായിരുന്നു.ആ മുത്തശ്ശിക്ക് മീര എന്ന പേരക്കുട്ടി ഉണ്ടായിരുന്നു.ആ കുട്ടിയുടെ അച്ഛനും അമ്മയും മരിച്ചിരുന്നു.മീരയ്ക്ക് പാചകം വളരെ ഇഷ്ടമാണ്.അവൾക്ക് മധുര പലഹാരം ഉണ്ടാക്കാനാണ് ഇഷ്ടം.മുത്തശ്ശി അവൾക്ക്പലഹാരം ഉണ്ടക്കുന്നതിനെ കുറിച്ച് എപ്പേഴും പറഞ്ഞു കെടുത്തിരുന്നു.കുറച്ച് കാലം കഴിഞ്ഞപ്പോൾ അവളുടെ മുത്തശ്ശിയും മരണപ്പെട്ടു.അവൾ ഒറ്റക്കായി.അങ്ങനെ ആ വീട്ടിൽ ദാരിദ്രം പിടിപ്പെട്ടു.അവൾ അവളുടെ മുത്തശ്ശി പറഞ്ഞതോർത്ത് അവൾ മധുര പലഹാരം ഉണ്ടാക്കാൻ തുടങ്ങി. അവൾക്കൊരു ബുദ്ധി തോന്നി. അവളുണ്ടാക്കിയ പലഹാരം വിൽക്കാം എന്ന് അവൾ വിജാരിച്ചു. അവൾ

പലഹാരം വിറ്റ് സുഖമായി ജീവിച്ചു.....

## മാന്ത്രികക്കുടം



ഒരു നാട്ടിൽ രാമു എന്ന പാവപ്പെട്ട കൃഷിക്കാരനുണ്ടായിരുന്നു.ഒരു ദിവസം അദ്ദോഹം വയലിൽ ജോലി ചെയ്യുകയായിരുന്നു.പെട്ടന്ന് അദ്ദേഹത്തിന് ദാഹം അനുഭവപ്പെട്ടു . വെള്ളം കുടിക്കാൻ വൊണ്ടി പുഴക്കരയിലേക്ക് നടക്കുന്നതിനിടയിൽ.

ഒരു കുടം കാണാനിടയായി.അദ്ദോഹം ആ കുടം കൈയ്യിൽ എടുത്തു.പുഴയിൽ നിന്ന് ആ കുടം കൊണ്ട് വെള്ളം കുടിച്ചു ദാഹം തീർത്തു.

എന്നിട്ട് ആ കുടവുമായി വീട്ടിലോക്ക് മടങ്ങി.വീട്ടിലെത്തിയ ശേഷം കുടം ഭാര്യയെ കാണിച്ചു.ഭാര്യ അത് വാങ്ങി അതിൽ നെല്ല് സൂക്ഷിച്ചു.ഓരോ ദിവസം കഴിയുന്തോറും നെല്ല് വർധിച്ചുവന്നു.കുറച്ച് ദിവസം കഴിഞ്ഞപ്പോൾ ഒരു വൃദ്ധ ആവീട്ടിലേക്ക് കയറിവന്നു.ആ വൃദ്ധ ചോദിച്ചു.നിങ്ങൾക്കെന്താണ് ഇത്ര സന്തോഷം? അതെ ഞാൻ വളരെ സന്തോഷത്തിലാണ്.ആ വൃദ്ധ കാര്യം അന്വേഷിച്ചു.ഉണ്ടായകാര്യങ്ങൾ ഒക്കേയും പറഞ്ഞു.

വൃദ്ധ അതൊരു മാന്ത്രിക ക്കുടമാണെന്നും അതിനെ ക്കുറിച്ചുള്ള എല്ലാ വിവരങ്ങളും പറഞ്ഞു കൊടുത്ത് വൃദ്ധ പോയി. അപ്പോൾ ആ കൃഷിക്കാരന്റെ ഭാര്യക്ക് വളരെ സന്തോഷമായി.....

# കടങ്കഥകൾ

1.വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ പോകും

-സൈക്കിൾ

2.കാളകിടക്കും കയറോടും

-മത്തൻ വള്ളി

3.ആകാശത്തെത്തും തോട്ടി

-കണ്ണ്

4 . ഒരു കുട്ടയിൽ രണ്ട് വരി മുല്ല മാല

-പല്ല്

5 .മുറ്റത്തെ ചെമ്പിന് അടപ്പില്ല

-കിണർ

6. ഒരു മുറ്റത്ത് അഞ്ച് കാവൽക്കാർ

- കൈവിരലുകള്

7 . അടി പാറ നട്ടു വടി മേൽ കുട

–ചേന

8.കണ്ടതെല്ലാം അകത്താക്കും

–ക്യാമറ

9 .ആയിരം പോലീസിന് ഒരു ബെൽറ്റ്

–ചൂൽ

10.ഓട്ടും കുതിര ചാട്ടും കുതിര വെള്ളം കണ്ടാൽ

നിൽക്കും കുതിര

–ചെരുപ്പ്

11 .ഒരമ്മയെ തൊട്ട മകൾ വെന്തു മരിച്ചു

–തീപ്പെട്ടി കൊള്ളി

12.കാട്ടിലൊരു ചോരത്തുള്ളി

–മഞ്ചാടി

# കള്ളനാണയം



ഉറ്റ ചങ്ങാതിയായിരുന്നു
കോരനുംവീരനും.അവർ കൊട്ടാരത്തിലേക്ക്
പോവുകയായിരുന്നു.വഴിയിൽ ഒരു നാണയം അവർ
കണ്ടു.രണ്ടു പേരും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും
നോക്കി.പെട്ടെന്ന് തന്നെ അവൻ ആ
നാണയത്തിന്റെ മേൽ വീണ് അത് സ്വന്തമാക്കാൻ
തീരുമാനിച്ചു.അവൻ ഇതിന്റെ പേരിൽ
തല്ലായി.അവസാനം അവർ രാജാവിനെ കണ്ട്
കാര്യം പറയാൻ തീരുമാനിച്ചു.അങ്ങനെ അവർ
രാജാവിനെ കണ്ട് കാര്യങ്ങൾ
പറയാൻതീരുമാനിച്ചു.അങ്ങനെ അവർ രാജാവിനെ
കണ്ട് കാര്യങ്ങൾ പറഞ്ഞപ്പോൾ രാജാവ്
ആനാണയം കാണാൻ ആവശ്യപ്പെട്ടു.ആ നാണയം
രാജാവ് കൈയ്യിലെടുത്തു പറഞ്ഞു.ഹഹഹ വില
പിടിച്ച താണെങ്കിലും ഇത് കള്ളനാണയമാണ്.ഇത്
നാം ഖജനാവിലേക്ക് എടുക്കുന്നു.അപ്പോൾ എല്ലാവരും
അതിശയിച്ചു പോയി.കള്ളനാണയമെങ്ങനെ

ഖജനാവിൽ....കൂട്ടതിൽ ഒരാൾ പറയുന്നത് രാജാവ് കേട്ടു.അപ്പോൾ രാജാവ് അവരോട് ചോദിച്ചു.

ഒറ്റ സുഹൃത്തുകളായ നിങ്ങളെ ഇത് തമ്മിലടിപ്പിച്ചു.ശരിയല്ലേ...അവർ രണ്ടുപേരും ശരിയാണെന്ന് പറഞ്ഞു.അപ്പോൾ രാജാവ് വീണ്ടും ചോദിച്ച ഇതിനേക്കാൾ വില പിടിച്ചതല്ലേ നിങ്ങളുടെ സൗഹൃദം.രാജാവിന്റെ ഈ ചോദ്യം കേട്ടപ്പോൾ അവർ രണ്ടു പേരും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും നോക്കി.അവർക്ക് അവരുടെ തെറ്റ് എന്താണെന്ന് മനസ്സിലാക്കി അവർ രാജാവിനോട് മാപ്പ് അപോക്ഷിച്ച് അവർ അവിടെ ജോലിക്ക് പ്രവേശിക്കുകയും ചെയ്തു

ഫാത്തിമ ഹസ്ന



ഡിജിറ്റൽ പൂക്കളം



മെഗാ തിരുവാതിരക്കളി



ക്രിസ്തുമസ്സ്

അപ്പൂപ്പന്റെ

വരവ്



സാന്റാക്രോസ്

എച്ച്.എംമിനു

തൊപ്പിനൽകുന്നു



# ശബരി സ്കൂളിലെ
# പുൽമൈതാനം




ജുജിട്സു (ജൂഡോ)

രണ്ടാം സ്ഥാനം

ജീവൻ.




ISO 9001:2015
തണൽ
വൃക്കരോഗികൾക്കൊരു കൈത്താങ്ങ്
തങ്ങളുടെ ഔദ്യോഗിക തിരക്കുകൾക്കിടയിലും സഹജീവികളുടെ
വേദനകളെ സ്വന്തം പ്രയാസമായി ഏറ്റെടുത്ത് വിദ്യാർത്ഥി
മനസ്സുകളെ കോർത്തിണക്കി നാടിനാകെ തണലേകുന്ന നന്മമരം പോലെ
പടർന്നുപന്തലിച്ച് പച്ചപ്പായി തീർന്ന നന്മവിദ്യാലയത്തിന്
ശബരി എച്ച്.എസ് എസ്, പള്ളിക്കുറുപ്പ്
സ്നേഹാഭിവാദനങ്ങൾ....
ഭരണസമിതിയും ജീവനക്കാരും
"ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിൽ
ആയിരം സൗരമണ്ഡലം"
– അക്കിത്തം
12-2019



# സ്പോർട്സ്
# ഓവറോൾ ചാമ്പ്യൻ
# ഗ്രീൻ ഗ്രൂപ്പ്





# 60കിലോ വെയ്റ്റ്ലിഫ്റ്റിൽ വിജയം കരസ്ഥമാക്കിയ അമീർസുഹൈൽ




# ഗണിതോത്സവം
# 2020




## മാധവൻ മാസ്റ്ററുടെ
## സ്മാരക വായനശാല


PALLIKURUP
SABARI
Towards a Better Tomorrow
(ISO-9001-2015 Certified)
Facilities Available In This School
1. Free Education Kit
2. Free Uniforms
3. Free Snacks and Lunch for all KG Students
4. Virtual Labs in Aided Schools for the First Time in Kerala
5. Steam Kitchen Facility for Hygienic Food
6. E-Library
7. Labs at Par with International Standards
8. Digital / Smart Class Rooms
9. Wi-Fi Campus
10. CCTV Surveillance
11. Nursing Assistance with First Aid Room
12. Chairman's Scholarship
13. School Bus Facility at Subsidized Rate
14. Air Condition for all KG Classes
15. Hi-Tech Staff Room & Office Room
16. Hi-tech Entrance Gate with Security System
17. Public Addressing System
18. Spoken English Training
19. Bio Waste Management System
20. Sanitary Napkin Vending & Disposal System
21. Grass Play Ground
22. Yoga Training Facility
23. Purified Drinking Water for Public & Students
24. Radio Sabari




സ്കൂൾ കവാടം




**സ്കൂൾ ബസ്സ്**



സെക്യൂരിറ്റി റൂം




# ജിപിഎസ് ട്രാക്കർ



# വാട്ടർ ഫിൽട്ടർ



# കൃഷിത്തോട്ടം




ഉർദു അഗ്രിഗേറ്റ് ഫസ്റ്റ് ട്രോഫി പ്രിൻസിപ്പാൾ എ ബിജു സാർ ഏറ്റുവാങ്ങുന്നു



സ്കൗട്ട് & ഗൈയ്ഡ്സ്
ഉദ്ഘാടനം ശ്രീ അഡ്വക്കെറ്റ്
മജീദ് അവറുകൾ നിർവഹിക്കുന്നു


മണ്ണാർക്കാട് ഉപജില്ല
ഉർദു കലോത്സവത്തിൽ
പതിനൊന്നാം തവണയും
വിജയികളായ
പള്ളിക്കുറുപ്പ് ഹൈസ്കൂൾ
Photex



## ജനുവരി 26
## റിപ്പബ്ലിക്ക്ദിനാഘോഷം



അൻഷിത
സംസ്ഥാന ഉറുദു കലോത്സവത്തിൽ
ഉപന്യാസത്തിൽ
എഗ്രേഡ്



ശ്രീ നന്ദ
സംസ്ഥാന കലോത്സവത്തിൽ
മോണോ ആക്റ്റിൽ
എഗ്രേഡ്




# ലഹരി വിരുദ്ധബോധവൽക്കരണം



# സ്മാർട്ട് അമ്മ



എല്ലാവർക്കും
ലിറ്റിൽ കൈറ്റ്സിന്റെ
ഹൃദയം നിറഞ്ഞ
നന്ദി